## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6119 — 28.10.2011 ൽ മറുപടിയ്ക്ക്

### സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി : | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാതികളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | & (ബി) കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കമ്പനി ആക്ട്, ചിട്ടി ആക്ട്, റിസർവ് ബാങ്ക് ആക്ട്, കേരള മണിലെൻഡേഴ്സ് ആക്ട്, ബാങ്കിംഗ് റെഗുലേഷൻ ആക്ട്, പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് (ബാനിംഗ്) ആക്ട് എന്നീ വിവിധ നിയമങ്ങൾ മുഖേനയാണ്. ഇതുസംബന്ധിച്ചുള്ള പരാതികളിന്മേൽ നിലവിൽ IPC അനുസരിച്ചാണ് നിയമനടപടികൾ കൈക്കൊണ്ടു വരുന്നത്. സാമ്പത്തിക തട്ടിപ്പ് സംബന്ധമായി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്ന എല്ലാ കേസുകളും സി.ബി.സി.ഐ.ഡി. (EOW)-വിന് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപടികൾ എടുത്തുവരികയാണ്. |
| (സി) സ്വകാര്യ പണമിടപാട് മേഖലയിൽ ബ്ലേഡ് പലിശക്കാരും മാഫിയകളും വൻതോതിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല. |

| | | | |
|---|---|---|---|
| | തകർന്നു പോകുന്നതും കൂട്ട ആത്മഹത്യയിൽ എത്തിച്ചേരുന്നതും പരിശോധിക്കുമോ ; | | ഇടപാടുകളെ കുറിച്ചോ ഉള്ള ബന്ധങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവയും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുകയും വെളിപ്പെടുന്ന വസ്തുതകൾക്കനുസരിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ഇ) | സ്വകാര്യ പണമിടപാടുകാർ, പണം പലിശക്കു കൊടുക്കുന്നവർ, സ്വർണ്ണ പണയത്തിന്മേൽ പണം പലിശക്കു കൊടുക്കുന്നവർ എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്ന് ലൈസൻസ് ആവശ്യമുണ്ടോ ; | (ഇ) യും (എഫ്) ഉം | വാണിജ്യ നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണിലെൻഡേഴ്സ് ആക്ട് 1958 ൽ പ്രതിപാദിച്ച പ്രകാരം ഒരു മണിലെൻഡർ, പ്രസ്തുത നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. പ്രസ്തുത നിയമത്തിന്റെ 17-ാം വകുപ്പ് പ്രകാരം ലൈസൻസില്ലാതെയോ, ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായോ പ്രവർത്തിക്കുകയാണെങ്കിൽ 3 മാസം മുതൽ 3 വർഷം വരെ തടവോ 50,000/- രൂപ പിഴയോ കോടതികൾക്ക് ശിക്ഷ വിധിക്കാവുന്നതാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ വാണിജ്യ നികുതി വകുപ്പ് കർശന നടപടികൾ സ്വീകരിക്കാറുണ്ട്. |
| (എഫ്) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | | |
| (ജി) | ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ജി) | കേരളത്തിലെ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കമ്പനി ആക്ട്, ചിട്ടി ആക്ട്, റിസർവ് ബാങ്ക് ആക്ട്, കേരള |

നിയമങ്ങൾ മുഖേനയാണ്. മേൽ വിവരിച്ച എല്ലാ നിയമങ്ങളെയും സംബന്ധിച്ച് ആ നിയമ പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള അധികാരിയും പോലീസും ആണ് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയില്ലാതെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം, ടി നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം എന്നീ പ്രവൃത്തികൾക്ക് മേൽ നടപടി സ്വീകരിക്കേണ്ടത്.

(എച്ച്) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മാഫിയകളും ക്വട്ടേഷൻ സംഘങ്ങളും പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) പൊതു ജനങ്ങളിൽ നിന്നും ബ്ളാങ്ക് ചെക്കുകൾ, മുദ്രപത്രങ്ങൾ, വെള്ളപേപ്പറുകൾ നിയമവിരുദ്ധമായി കൈവശപ്പെടുത്തിയതിനു ശേഷം ഭീമമായ പലിശയ്ക്ക് പണം വായ്പ നൽകുകയും പണം തിരികെ ലഭിക്കാതെ വരുന്ന അവസരങ്ങളിൽ സംഘടിത സാമൂഹ്യ വിരുദ്ധ സംഘങ്ങൾ മുഖേന ഭീഷണിപ്പെടുത്തുന്നതും ബലമായി പണം ഈടാക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ശക്തമായ നിയമങ്ങളും നടപടികളും സ്വീകരിക്കുമോ ?

(ഐ) സാമ്പത്തിക സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയിട്ടുള്ളവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതി ലേക്കായി 'കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ്സ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്) എന്ന സമഗ്ര നിയമം കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

Chandrika

**സെക്ഷൻ ഓഫീസർ**